**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 987** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. വർഗ്ഗീസ് മാമ്മൻ

ശ്രീ. റെജി ചെറിയാൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ ദേശീയപാത 66 -ന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ദേശീയപാത 66 ന്റെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** മണ്ണിടിച്ചിലും സംരക്ഷണ ഭിത്തിയുടെ തകർച്ചയും മൂലം പാത തകർന്നയിടങ്ങളിലെ പുനർനിർമ്മാണം ഏത് ഘട്ടത്തിലാണ്; പ്രസ്തുത തകർച്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെയോ കരാർ കമ്പനികൾക്കെതിരെയോ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** പൂർത്തിയായതും, പ്രവൃത്തി നടന്ന് കൊണ്ടിരിക്കുന്നതുമായ ദേശീയപാതകളുടെ വിവിധ സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തികൾ (Retaining/Protection walls) തകർന്നതും മറ്റ് കേടുപാടുകൾ സംഭവിച്ചതും സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും, മണ്ണ് പരിശോധനയ്ക്കും ടെസ്റ്റിംഗിനുമായി 8 ജിയോ ടെക്നിക്കൽ ഏജൻസികളെ ദേശീയപാത അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിശോധനാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ ഡിസൈനുകൾ പുനഃപരിശോധിക്കുകയും, ആവശ്യമുള്ള സ്ഥലങ്ങളിൽ തകർന്ന ഭാഗങ്ങൾ പൊളിച്ചുമാറ്റി പുനർനിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

**(സി)** ദേശീയപാത 66 -ന്റെ നിർമ്മാണപ്പിഴവ് കണ്ടെത്താനും അവയ്ക്ക് പരിഹാരമാർഗങ്ങൾ നിർദേശിക്കാനും ഏതെങ്കിലും സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

**<u>മറുപടി:</u>** ദേശീയപാത 66 ന്റെ നിർമ്മാണം ദേശീയപാത അതോറിറ്റിയുടെ സാങ്കേതിക മേൽനോട്ടത്തിൽ നടത്തുന്ന പദ്ധതിയാണ്. സാങ്കേതികവും സിവിൽ എഞ്ചിനീയറിംഗുമായി ബന്ധപ്പെട്ടതുമായ പ്രശ്നങ്ങൾ നാഷണൽ ഹൈവേസ് ആക്ട് 1956, NHAI ആക്ട് 1988, കൺട്രോൾ ഓഫ്

നാഷണൽ ഹൈവേസ് ആക്ട് 2002 എന്നിവയ്ക്ക് വിധേയമായി NHAI പ്രോജക്ട് ഡയറക്ടർമാർ, റീജണൽ ഓഫീസ്, ഹെഡ്ക്വാർട്ടേഴ്സ് സാങ്കേതിക വിഭാഗം എന്നിവർ പരിശോധിച്ച് തീരുമാനമെടുക്കുന്നു.

NH-66 നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനും സാങ്കേതിക പിഴവുകൾ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപെടുത്തുന്നതിനും ഒരു ത്രിതല ഏകോപന സംവിധാനം നിലവിൽ ഉണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ NHAI പ്രോജക്ട് ഡയറക്ടർമാരുടെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും യോഗം ചേർന്ന് പ്രാദേശികമായ പ്രശ്നങ്ങൾ പരിഹരിക്കുന്നു, സംസ്ഥാന തലത്തിൽ പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി/അഡീഷണൽ സെക്രട്ടറി തല അവലോകന യോഗങ്ങളും, നയപരമായ തീരുമാനങ്ങളോ ഉന്നതതല ഇടപെടലുകളോ ആവശ്യമുള്ള വിഷയങ്ങളിൽ ചീഫ് സെക്രട്ടറി തലത്തിലോ, ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പ് മന്ത്രി തലത്തിലോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലോ യോഗങ്ങൾ നടത്തി വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

**(ഡി)** ദേശീയപാത നിർമ്മാണത്തിലെ അപാകതകൾ മൂലം സമീപ മേഖലകളിലുണ്ടായിട്ടുള്ള വെള്ളക്കെട്ട് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ?

**മറുപടി:** ദേശീയപാത 66 ൽ വെള്ളക്കെട്ട് ഉള്ളതായി കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽ ദേശീയപാതയിൽ നിന്ന് വെള്ളം തദ്ദേശീയമായ ജല നിർഗ്ഗമന മാർഗ്ഗങ്ങളിലേക്ക് (Outfall) തിരിച്ച് വിട്ട് വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും, അത് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെയും, ബന്ധപ്പെട്ട ജില്ലാ ഭരണകൂടങ്ങളുടെയും ദേശീയപാത അതോറിറ്റിയുടെയും സഹകരണത്തോടെ ഒരു സമഗ്ര ഡ്രെയിനേജ് സംവിധാനം(Integrated Drain Management System) സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സർക്കാർ പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**ദേശീയപാത 66 നിർമ്മാണ പുരോഗതി വിവരങ്ങൾ**

| ക്രമ നം (Sl. No) | പ്രോജക്ട് റീച്ച് (Project Stretch) | നീളം (Km) | ആകെ ചിലവ് (Cr) | കരാർ തീയതി / കാലാവധി (Appointed / Scheduled) | പുരോഗതി (Physical %) | പ്രതീക്ഷിക്കുന്ന പൂർത്തീകരണം (Likely Completion) |
|---|---|---|---|---|---|---|
| 1 | 6L of Thalappady-Chengala | 39 | 2681.48 | 18.11.2021 / 15.05.2024 | **100%** | **PCC issued w.e.f 25.08.2025** |
| 2 | 6L of Chengala-Neeleshwaram | 37.27 | 2719.51 | 15.10.2021 / 11.04.2024 | 90.68% | 31.03.2027 |
| 3 | 6L of Neeleshwaram-Thalipparamba | 40.11 | 4156.78 | 15.10.2021 / 11.04.2024 | 86.85% | 31.03.2027 |
| 4 | 6L of Thalipparamba-Muzhapilangadu | 29.948 | 3557.65 | 29.11.2021 / 26.05.2024 | 83.27% | 31.01.2028 |
| 5 | 6L of Azhiyur-Vengalam | 40.8 | 3898.46 | 30.10.2021 / 26.04.2024 | 67.89% | 31.03.2028 |
| 6 | 6L of Kozhikode Bypass | 28.4 | 2065.95 | 22.02.2021 / 25.12.2024 | 99.20% | **PCC issued w.e.f 09.10.2025** |
| 7 | 6L of Ramanattukara-Valanchery | 39.682 | 4919.46 | 21.01.2022 / 31.03.2025 | 99.80% | **PCC issued w.e.f 18.07.2025** |

| ക്രമ നം (Sl. No) | പ്രോജക്ട് റീച്ച് (Project Stretch) | നീളം (Km) | ആകെ ചിലവ് (Cr) | കരാർ തീയതി / കാലാവധി (Appointed / Scheduled) | പുരോഗതി (Physical %) | പ്രതീക്ഷിക്കുന്ന പൂർത്തീകരണം (Likely Completion) |
|---|---|---|---|---|---|---|
| 8 | 6L of Valanchery-Kappirikkad | 37.35 | 4023.94 | 21.01.2022 / 31.03.2025 | 99.85% | **PCC issued w.e.f 17.07.2025** |
| 9 | 6L of Kappirikkad-Thalikkulam | 33.165 | 4225.59 | 01.09.2022 / 26.02.2025 | 94.57% | 30.06.2027 |
| 10 | 6L of Thalikkulam-Kodungallur | 28.735 | 4302.06 | 17.09.2022 / 14.03.2025 | 93.60% | 30.06.2027 |
| 11 | 6L of Kodungallur-Edapally | 26.03 | 3465.82 | 25.10.2022 / 21.04.2025 | 70.81% | 31.05.2027 |
| 12 | 6-lane Elevated Highway Aroor-Thuravoor | 12.752 | 2927.21 | 01.02.2023 / 31.01.2026 | 90.34% | 07.12.2026 |
| 13 | 6L of Thuravoor-Paravoor | 38.388 | 2887.7 | 17.03.2022 / 12.09.2024 | 79.50% | 31.05.2027 |
| 14 | 6L of Paravoor-Kottukulangara | 37.5 | 3273.61 | 29.08.2022 / 24.02.2025 | 75.97% | 30.11.2027 |
| 15 | 6L of Kottukulangara-Start of Kollam Bypass | 31.5 | 3680.49 | 12.04.2022 / 08.10.2024 | 76.96% | 30.11.2027 |

| ക്രമ നം (Sl. No) | പ്രോജക്റ്റ് റീച്ച് (Project Stretch) | നീളം (Km) | ആകെ ചിലവ് (Cr) | കരാർ തീയതി / കാലാവധി (Appointed / Scheduled) | പുരോഗതി (Physical %) | പ്രതീക്ഷിക്കുന്ന പൂർത്തീകരണം (Likely Completion) |
|---|---|---|---|---|---|---|
| 16 | 6L of Start of Kollam Bypass-Kadambattukonam | 31.25 | 3023.78 | 01.10.2022 / 31.03.2025 | 95.98% | 30.06.2027 |
| 17 | 6L of Kadambattukonam-Kazhakuttom | 29.83 | 3451.76 | 23.07.2022 / 18.01.2025 | 50.42% | 31.05.2027 |